പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം.4024

31.01.2014 ൽ
മറുപടിയ്ക്ക്

ആലപ്പുഴ യുവജനക്ഷേമ ബോർഡിന്റെ
ആഭിമുഖ്യത്തിൽ കർമ്മപരിപാടികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. സി.കെ.സദാശിവൻ : | | കുമാരി. പി.കെ. ജയലക്ഷ്മി (പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | യുവജനക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ ആലപ്പുഴ ജില്ലയിൽ 2012-2013 വർഷത്തിൽ എന്തെങ്കിലും കർമ്മപരിപാടികൾ നടപ്പിലാക്കിയിട്ടുണ്ടോ; | (എ) | 2012-13 സാമ്പത്തിക വർഷത്തിൽ ആലപ്പുഴ ജില്ലയിൽ കാപ്പൊലി (നാടൻകലാമേള) യൂത്ത് ക്ലബ്ബുകൾക്കുള്ള ധനസഹായം, ബ്ലോക്കടിസ്ഥാനത്തിലുള്ള ക്ലബ്ബുകൾക്കുള്ള ധനസഹായം, വിവിധ തലങ്ങളിലായി കേരളോത്സവം തുടങ്ങിയ കർമ്മപരിപാടികൾ നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | യുവജനങ്ങളിലെ മദ്യം-മയക്കു മരുന്ന് ആസക്തികൾക്കെതിരെയും ജീവിതശൈലീരോഗങ്ങൾക്കെതിരെയും മണ്ഡലം കേന്ദ്രീകരിച്ച് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ; | (ബി) | കേരളത്തിലെ എല്ലാ ജില്ലകളിലും 5 ദിവസം നീണ്ടു നിൽക്കുന്ന ലഹരി വിരുദ്ധ ബോധവൽക്കരണ പരിപാടി സംഘടിപ്പിച്ചു വരുന്നുണ്ട്. ഇതിന്റെ ഭാഗമായി നിർമ്മിച്ച 'മിസ് ഫിറ്റ്' എന്ന സിനിമയുടെ പ്രദർശനവും നടന്നു വരുന്നുണ്ട്. കൂടാതെ മദ്യം, മയക്കു മരുന്ന് തുടങ്ങിയ ആസക്തികൾക്കെതിരെ ജില്ലാടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെട്ട യൂത്ത് ക്ലബ്ബുകൾ വഴി ബോധവൽക്കരണ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനും ധനസഹായം നൽകി വരുന്നുണ്ട്. |
| (സി) | ഈ സർക്കാർ അധികാരമേറ്റ ശേഷം യുവജനക്ഷേമ പ്രവർത്തനങ്ങളുടെ ഭാഗമായി ആരംഭിച്ച പരിപാടികൾ ഏതൊക്കെയാണ് ; കായംകുളം മണ്ഡലത്തിൽ നടപ്പാക്കിയവ ഏതൊക്കെയെന്ന് വിശദമാക്കാമോ ? | (സി) | ജീവദായിനി, വ്യവസായ സംരംഭകത്വം, സിവിൽ സർവ്വീസ് ഓറിയന്റേഷൻ പ്രോഗ്രാം, യുവദർശൻ തുടങ്ങിയ പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ഇവ ഓരോ സ്ഥലത്തും ഘട്ടംഘട്ടമായി നടപ്പിലാക്കി വരുന്നു. കായംകുളം മണ്ഡലത്തിൽ മാത്രമായി സംഘടിപ്പിച്ച പരിപാടികൾ പ്രത്യേകം രേഖപ്പെടുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ